"ഭരണഭാഷ മാതൃഭാഷ"

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)

രജി.ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം, 695 004 കേരള

വെബ് സൈറ്റ് : www.kseb.in.CIN :U40100KL2011SGC027424

ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയം, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.

ഫോൺ നമ്പർ : 0471-2444554, ഫാക്സ് നമ്പർ : 0471-2554414 ഇ മെയിൽ :vigilance.kseb@gmail.com

## സംഗ്രഹം

കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിളിലെ സീനിയർ അസിസ്റ്റന്റായിരുന്ന ശ്രീമതി.ഷീബാതമ്പിയ്ക്കെതിരെയുള്ള അച്ചടക്കനടപടി - ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെതിരെയുള്ള പുന:പരിശോധനാഹർജി തീർപ്പാക്കിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ്(വിജിലൻസ്)

**ബി.ഒ.(ഡി .ബി)നം.712/19(വിജി/ബി(4)/2345/13)/2259 തീയതി,തിരുവനന്തപുരം: 24/09/19**

പരാമർശം:-

1. 07.01.2013-ലെ **GB/Disc/11/2012-13/1764** നമ്പർ പ്രകാരം കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ശ്രീമതി.ഷീബാതമ്പിയ്ക്ക് നൽകിയ കുറ്റപത്രം.
2. 18.01.2013-ൽ ശ്രീമതി.ഷീബാതമ്പി കുറ്റപത്രത്തിന് നല്കിയ മറുപടി.
3. 28.01.2013-ലെ കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ **GB/Disc/11/2011-12/1971** നമ്പർ പ്രകാരമുള്ള വകുപ്പുതല അന്വേഷണ ഉത്തരവ്.
4. 30.01.2013-ൽ ശ്രീമതി.ഷീബാതമ്പി ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം)-ന് നൽകിയ അപേക്ഷ.
5. 27.02.2013-ലെ സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയറുടെ **CETS/Genl/2012-13/253** നമ്പർ പ്രകാരമുള്ള വകുപ്പുതല അന്വേഷണ ഉത്തരവ്.
6. 12.10.2017-ൽ സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയർ **CE(TS)/EE2/AEE5/17-18/1406** നമ്പർ പ്രകാരം ശ്രീമതി.ഷീബാതമ്പിയ്ക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്
7. 10.01.2018-ലെ സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയറുടെ **CETS/EE2/AEE8/2017-18/1934** നമ്പർ പ്രകാരമുള്ള അന്തിമ ഉത്തരവ്.
8. 02.07.2018-ൽ ശ്രീമതി.ഷീബാതമ്പി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷ.
9. 02.07.2018-ലെ അപ്പീലിന്മേൽ തീർപ്പുകല്പിച്ചുകൊണ്ടുള്ള ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 04.02.2019 - ലെ ഉത്തരവ്.
10. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻമേൽ 10.04.2019 - ൽ ശ്രീമതി.ഷീബാതമ്പി ഡയറക്ടർ ബോർഡിനു മുമ്പാകെ സമർപ്പിച്ച പുന :പരിശോധനാഹർജി
11. 06.07.2019-ലെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ വിജി/ബി(4)/2345/13 നമ്പർ പ്രകാരമുള്ള കുറിപ്പ്.
12. 22.08.2019-ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിലെ അജണ്ട ഐറ്റം നമ്പർ 18-08/2019-ൽ എടുത്ത തീരുമാനം.

## ഉത്തരവ്

കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിളിലെ സീനിയർ അസിസ്റ്റന്റായിരുന്ന ശ്രീമതി.ഷീബാതമ്പിയ്ക്കെതിരെ ഗുരുതരമായ അച്ചടക്ക ലംഘനം, മേലധികാരികളോട് മോശമായി സംസാരിക്കുക, സ്ഥിരമായി ഓഫീസിൽ താമസിച്ച് ഹാജരാകുക എന്നീ കുറ്റങ്ങൾ ചുമത്തിക്കൊണ്ട് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. പരാമർശം (2)

പ്രകാരം ടിയാരി സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാരിയ്ക്കെതിരെ ചുമത്തപ്പെട്ട കുറ്റങ്ങളുടെ നിജസ്ഥിതി വെളിച്ചത്തുകൊണ്ടുവരാൻ വിശദമായ വകുപ്പുതല അന്വേഷണത്തിന് പരാമർശം (3) പ്രകാരം കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഉത്തരവിടുകയുണ്ടായി. പരാമർശം(4) പ്രകാരമുള്ള ശ്രീമതി.ഷീബാതമ്പിയുടെ അപേക്ഷ പരിഗണിച്ച് കൊട്ടാരക്കര ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിൽ ഉൾപ്പെടാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് വകുപ്പുതല അന്വേഷണം നടത്തണമെന്നത് പരിഗണിച്ച് സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയർ പരാമർശം(5) പ്രകാരം ഉത്തരവിടുകയുണ്ടായി.

പ്രസ്തുത അന്വേഷണത്തിൽ ശ്രീമതി.ഷീബാതമ്പിയ്ക്കെതിരെ ചുമത്തപ്പെട്ട കുറ്റങ്ങളെല്ലാംതന്നെ സംശയാതീതമായി തെളിയിക്കപ്പെടുകയുണ്ടായി. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടയുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (6) പ്രകാരം സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയർ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് 25.11.2017-ൽ ടിയാരി മറുപടി നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ടിയാരി നൽകിയ മറുപടിയിൽ പുതുതായി ഒന്നുംതന്നെ ഉന്നയിക്കാൻ സാധിച്ചിട്ടില്ലായെന്നിരുന്നാലും ടിയാരിയുടെ കുട്ടിയുടെ ആരോഗ്യപരമായ കാരണങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് ടിയാരിയുടെ ഒരു വാർഷിക ഇൻക്രിമെന്റ് ആറുമാസത്തേയ്ക്ക് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയർ പരാമർശം (7) പ്രകാരം അച്ചടക്കനടപടി തീർപ്പ് കല്പിച്ചുകൊണ്ട് ഉത്തരവിടുകയുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ ടിയാരി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ പരാമർശം (8) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീലിൽ ടിയാരി ഉന്നയിക്കുന്നത് തനിക്കെതിരെ ആരോപണം ഉന്നയിച്ച ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തന്നെ കുറ്റപത്രം നല്കുകയും ടിയാരിയ്ക്കെതിരെ പ്രോസിക്യൂഷൻ സാക്ഷിയായി തെളിവ് നൽകുകയും ചെയ്തുവെന്നത് നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും ടിയാരിയുടെ കുട്ടിയുടെ വൈകല്യങ്ങൾ കാരണം ടിയാരി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൊണ്ട് ചില ദിവസങ്ങളിൽ താമസിച്ച് വരുന്നുവെന്നും മേലുദ്യോഗസ്ഥരോടൊന്നുംതന്നെ മോശമായി സംസാരിച്ചിട്ടില്ലായെന്നുമാണ്. ആയതിനാൽ തന്നെ ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി വിശദമായി പരിശോധിച്ചപ്പോൾ ടിയാരി അപ്പീൽ ഹർജിയിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും അച്ചടക്കഅധികാരി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് പരിഗണിച്ചിട്ടുള്ളതാണെന്നും വസ്തുനിഷ്ഠമായ പരിഗണനയ്ക്ക് വിധേയമാക്കേണ്ട പുതിയ വാദങ്ങളൊന്നും ടിയാരി ഹർജിയിൽ നൽകിയിട്ടില്ലാത്തതിനാൽ ശിക്ഷാനടപടിയിൽ മാറ്റം വരുത്തുവാനുള്ള യാതൊരു സാഹചര്യവും നിലവിലില്ലെന്ന് ബോധ്യമാകുകയും ചെയ്തതിനാൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പ്രസ്തുത ഹർജി നിരസിച്ചുകൊണ്ടും സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ടും പരാമർശം(9) പ്രകാരം ഉത്തരവാക്കിയിട്ടുള്ളതാണ്.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി.ഷീബാതമ്പി ബോർഡിന് മുമ്പാകെ പരാമർശം (10) പ്രകാരം പുന:പരിശോധനാഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജിയിൽ ടിയാരി ഉന്നയിക്കുന്നത് തനിയ്ക്കെതിരായി ആരോപണം ഉന്നയിച്ച ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തന്നെ കുറ്റപത്രം നൽകിയിരിക്കുന്നത് തികച്ചും സ്വാഭാവിക നീതിനിയമത്തിന് എതിരാണെന്നും ആയതിനാൽ തന്റെ മേൽ ചുമത്തിയ ശിക്ഷ റദ്ദ് ചെയ്ത് തരണമെന്നും അപേക്ഷിക്കുകയുണ്ടായി. ഹർജിയിൽ സൂചിപ്പിച്ചതുപോലെ ആരോപണം ഉന്നയിച്ച ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർതന്നെ കുറ്റപത്രം നൽകിയതായി പറയുന്നത് ശരിയായതുകൊണ്ടും, ആയത് സ്വാഭാവികനീതി നിയമത്തിനെതിരാണെന്നുമുള്ള (**Nemo judex in causa sua or Rule against bias**) ചീഫ് വിജിലൻസ് ഓഫീസറുടെ അഭിപ്രായത്തെ മാനിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ആയത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിനായി സമർപ്പിക്കുവാൻ ഉത്തരവിടുകയുണ്ടായി.

പരാമർശം (12) പ്രകാരം 22.08.2019-ന് കൂടിയ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ മീറ്റിംഗിൽ ബന്ധപ്പെട്ട ഫയലും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽനിന്നും ടി ഹർജിയിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ ആരോപണം ഉന്നയിച്ച ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തന്നെ കുറ്റപത്രം നൽകിയതായി പറയുന്നത് ശരിയായതുകൊണ്ടും ആയത് സ്വാഭാവികനീതി നിയമത്തിനെതിരാണെന്ന ചീഫ് വിജിലൻസ് ഓഫീസറുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ടും ടിയാരിയുടെമേൽ ചുമത്തിയ ഒരു വാർഷിക ഇൻക്രിമെന്റ് ആറു മാസത്തേയ്ക്ക് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടുള്ള സൗത്ത് ട്രാൻസ്മിഷൻ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് ഇളവു ചെയ്തുകൊണ്ട് ടിയാരിക്ക് ശിക്ഷയായി ശാസന (Warning) നൽകാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (10) പ്രകാരം ശ്രീമതി.ഷീബാതമ്പി ഡയറക്ടർ ബോർഡിനു മുമ്പാകെ സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി.ഷീബാതമ്പിയുടെ പുന:പരിശോധനാഹർജി ഇപ്രകാരം തീർപ്പാക്കിയിരിക്കുന്നു.

ബോർഡ് ഉത്തരവ് പ്രകാരം,
(ഒപ്പ്)
ജി.ലേഖ.
കമ്പനി സെക്രട്ടറി
(ഇൻ ചാർജ്)

സ്വീകർത്താവ്

ശ്രീമതി.ഷീബാതമ്പി,
(**Emp: Code - 1049277**)
സീനിയർ അസിസ്റ്റന്റ്,
ഇലക്ട്രിക്കൽ സെക്ഷൻ,
കടപ്പാക്കട, കൊല്ലം.

(കൊല്ലം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുഖാന്തിരം)

ഉത്തരവിന്റെ മൂന്ന് പകർപ്പുകൾ അയയ്ക്കുന്നു. അസ്സൽ സ്വീകർത്താവിന് കൈമാറി, പകർപ്പ് സ്വീകർത്താവിന്റെ തീയതി വച്ച കയ്യൊപ്പോടുകൂടി ഈ കാര്യാലയത്തിലേയ്ക്ക് തിരിച്ച് അയയ്ക്കേണ്ടതാണ്.

<u>പകർപ്പുകൾ:-</u>

1. ചീഫ് എഞ്ചിനീയർ(എച്ച്.ആർ.എം.), കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്.
2. ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സൗത്ത്, വൈദ്യുതി ഭവനം, തിരുവനന്തപുരം.
3. കമ്പനി സെക്രട്ടറി(ഇൻ ചാർജ്), കെ.എസ്.ഇ.ബോർഡ് ലി.
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കൊട്ടാരക്കര.
5. കെ.എസ്.ഇ.ബോർഡ് ലി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കൊട്ടാരക്കര.
7. ജനറേഷൻ - ഇലക്ട്രിക്കൽ & എസ്.സി.എം ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
8. ഡിസ്ട്രിബ്യൂഷൻ - ഐ.റ്റി & എച്ച്. ആർ.എം ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്
9. ട്രാൻസ്മിഷൻ &സിസ്റ്റം ഓപ്പറേഷൻ & സേഫ്റ്റി ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
10. ജനറേഷൻ സിവിൽ ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
11. ഫൈനാൻസ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റിന്
12. ഭരണ വിഭാഗം സെക്രട്ടറിയുടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്
13. കരുതൽ ഫയൽ .

ആജ്ഞാനുസരണം,
Jolly Mathew
സീനിയർ സൂപ്രണ്ട്.